**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6598** **11-07-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപ്പാസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയ്ക്ക് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. PWD ഇൻവെസ്റ്റിഗേഷൻ വിംഗ് RIQCL മുഖേന 60 മീറ്റർ വീതിയിൽ ടോപ്പോഗ്രഫിക് സർവ്വേ വർക്കുകൾ DGPS മുഖാന്തിരം നടത്തുകയും, ആയത് പ്രകാരം ഉള്ള ഡ്രാഫ്റ്റ് ഹൊറിസോണ്ടൽ അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് ഹൈവേ ഡിസൈൻ യൂണിറ്റ് ഉണ്ടാക്കുകയും, ആയതിന്റെ പകർപ്പ് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, റെയിൽവേയുടെ ഭാഗത്ത് നിന്നും നിരാക്ഷേപസാക്ഷ്യപത്രം (NOC) ലഭിക്കുന്നതിനായി റെയിൽ ഓവർ ബ്രിഡ്ജ്ന്റെ ഡ്രാഫ്റ്റ് ജനറൽ അറേഞ്ച്മെൻറ് ഡ്രോയിങ് (ROB GAD) സമർപ്പിക്കണമെന്നുള്ള റെയിൽവേ അതോറിറ്റി നിർദ്ദേശമുണ്ടായി. തുടർന്ന് റെയിൽ ഓവർ ബ്രിഡ്ജ്ന്റെ ഡ്രാഫ്റ്റ് ജനറൽ അറേഞ്ച്മെൻറ് ഡ്രോയിങ് (ROB GAD) തയ്യാറാക്കുന്നതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (K-RAIL) ൽ നിന്ന് 01.06.2024 തീയതിയിൽ ക്വട്ടേഷൻ ലഭ്യമാക്കുകയും, തുടർന്ന് , ക്വട്ടേഷൻ അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | 5.586 കി. മി നീളത്തിലും 23 മീറ്റർ വീതിയിലും ആണ് പ്രസ്തുത ബൈപ്പാസ് വിഭാവനം ചെയ്തിരിക്കുന്നത് |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റെയിൽവേ മേൽപ്പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റെയിൽവേ മേൽപ്പാലത്തിന്റെ ഡി. പി. ആർ തയ്യാറാക്കുന്നത് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (K-RAIL) എന്ന ഏജൻസിയാണ് . |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലം റെയിൽവേ നിർണ്ണയിച്ച് ലഭ്യമാക്കിയോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ റെയിൽവേ മേൽ പാലത്തിന്റെ സ്ഥലം റെയിൽവേ നിർണ്ണയിച്ച് നൽകിയിട്ടില്ല. റെയിൽ ഓവർ ബ്രിഡ്ജ്ന്റെ ഡ്രാഫ്റ്റ് ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് (ROB GAD) നൽകിയാൽ മാത്രമേ റെയിൽവേയുടെ ഭാഗത്ത് നിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭിക്കുകയുള്ളൂ. ഇതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിരാക്ഷേപസാക്ഷ്യപത്രം ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ